# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1805 — 21.1.2014-ൽ മറുപടിക്ക്

### നിർമ്മൽ പുരസ്കാര തുക

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി കെ.കെ.ലതിക | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| എ) ഏതെല്ലാം ത്രിതല പഞ്ചായത്തുകൾക്ക് ദേശീയ ശുചിത്വമിഷന്റെ നിർമ്മൽ പുരസ്കാരം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ; | എ) സംസ്ഥാനത്ത് 959 ഗ്രാമപഞ്ചായത്തുകൾക്കും 119 ബ്ളോക്ക് പഞ്ചായത്തുകൾക്കും 8 ജില്ലാ പഞ്ചായത്തുകൾക്കും ഇതിനകം നിർമൽ ഗ്രാമ പുരസ്കാരം ലഭിച്ചു കഴിഞ്ഞിട്ടുണ്ട്. |
| ബി) പ്രസ്തുത പുരസ്കാര പ്രകാരം ഓരോ സ്ഥാപനങ്ങൾക്കും ലഭിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ; | ബി) നിർമൽ ഗ്രാമ പുരസ്കാരം ലഭ്യമാകുന്ന പഞ്ചായത്തുകൾക്ക് ജനസംഖ്യയെ അടസ്ഥാനപ്പെടുത്തിയ കേന്ദ്ര മാനദണ്ഡപ്രകാരമാണ് അവാർഡ് തുക ലഭ്യമായിട്ടുളളത്. ഗ്രാമ പഞ്ചായത്തുകൾക്ക് ആകെ 4403.24 ലക്ഷം രൂപയും ബ്ളോക്ക് പഞ്ചായത്തുകൾക്ക് 2204.50 ലക്ഷം രൂപയും ജില്ലാ പഞ്ചായത്തുകൾ 340 ലക്ഷം രൂപയുമാണ് ഇതുവരെ അവാർഡ് തുകയായി ലഭ്യമായത്. |
| സി) പ്രസ്തുത തുക ഏതെല്ലാം കാര്യങ്ങൾക്കാണ് ഓരോസ്ഥാപനങ്ങളും വിനിയോഗിച്ചത് എന്ന് വ്യക്തമാക്കുമോ; | സി) വിവരം ശേഖരിച്ചു വരുന്നു. |
| ഡി) ഏതെങ്കിലും സ്ഥാപനങ്ങൾ ഈ തുക ചെലവഴി ക്കാതിരുന്നിട്ടുണ്ടോ എന്നും എങ്കിൽ ആയതിന്റെ കാരണം എന്തെന്നും വ്യക്തമാക്കുമോ ? | ഡി) വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ